# ആരാമം

## ലിറ്റിൽ കൈറ്റ്സ്

## GTHSS KATTAPPANA

## ഉൾത്താളുകളിലൂടെ

.....2
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ.....5
.....7
എഡിറ്റോറിയൽ ബോർഡ്.....7
മാസ്റ്റർ ട്രെയ്നേഴ്സ്.....8
ആമുഖച്ചെപ്പ്.....9
ആശംസ.....10
ഋതുസംഗമം.....14
എന്ന് അമ്മയുടെ മകൻ രഘു.....15
കൊള്ളിവാക്കല്ലാതൊന്നും.....20
ഗുണമില്ലെങ്കിൽ പറയണ്ട.....21
.....23
.....23
പ്രളയം.....23
ഐക്യമത്യം മഹാബലം.....25
നിൻകുട്ടിനായി ഞാനുണ്ട്.....27
സന്ദർശനം.....28
പുസ്തകം.....30
സഹോദര സ്നേഹം.....31
അമ്മ എന്ന ദൈവം.....33
വായനാക്കുറിപ്പുകൾ.....36
ഉപന്യാസം.....38
വിഷയം:മലയാള ഭാഷയുടെ പ്രധാന്യം.....38
കുഞ്ഞിക്കിളി.....40
ആൽക്കമിസ്റ്റിൽ നിന്നുള്ള വരികൾ.....42
അധ്യാപികയുടെ സ്നേഹവാത്സല്യം.....43
സുരക്ഷിതമായ നാളെയ്ക്ക്.....46
മൂന്ന് ഉപദേശങ്ങൾ.....47
.....50
.....50
ശരി മലയാളം.....50
എന്റെ കേരളം.....52
നക്ഷത്രത്തിലാണ്.....53
അമ്മയും അച്ഛനും.....53

സൂര്യനദിച്ച കണ്ടേൻ..........56
..........58
നവകേരളം..........58
..........60
കൈയിൽ കിട്ടിയ സമ്പാദ്യം..........60
..........65
മഹത് വചനങ്ങൾ..........65
ജീവിതം കൂടുതൽ..........67
മനോഹരമാക്കാൻ 10 കാര്യങ്ങൾ..........67
..........68
ഗുണപാഠകഥകൾ..........68
ഉറുമ്പും പുൽച്ചാടിയും..........68
നായയും എല്ലിൻ കഷ്ണവും..........70
വരകളും വർണ്ണങ്ങളും..........72
..........79
നന്ദി..........79

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# എഡിറ്റോറിയൽ ബോർഡ്



## <u>മാസ്റ്റർ ട്രെയ്നേഴ്സ്</u>



***ജൂബി ജേക്കബ്***

***ഗീത ആർ പിള്ള***



## ആമുഖച്ചെപ്പ്

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതുണ്ട് എന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസ രംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത് . വിവര വിനിമയ സങ്കേതിക രംഗത്തൊരു നവതലമുറയെ സൃഷ്ടിക്കുകയാണ് ഇതിന്റെ ലക്ഷ്യം.ഇതിന്റെയൊരു ഭാഗമാണ് "ലിറ്റിൽ കൈറ്റ്സ്"
എന്ന ഐ.ടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ
"ലിറ്റിൽ കൈറ്റ്സ്" പദ്ധതിയിൽ അംഗമായ വിദ്യാർത്ഥിക്ക്
പരിശീലന കാലയളവിൽ വൈവിധ്യമാർന്ന പരിശീലന-പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസാരമാണ് ലഭിക്കുന്നത് .ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരി-ക്കുന്ന പ്രവർത്തനങ്ങളിൽ

ഒതുങ്ങാതെ,നൂതനസാങ്കേതികവിദ്യാ-
ലോകത്തേക്ക് വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തുന്ന
തരത്തിൽ സ്കൂൾതല പ്രവർത്തനങ്ങൾ കൂടുതൽ
ഊർജസ്വലവും
സർഗാത്മകവുമാക്കാൻ ഓരോ കൈറ്റ് മിസ്ട്രസിനും
കഴിയുന്നുണ്ട് .
ഈ ലിറ്റിൽ കൈറ്റ്സിലൂടെ ഓരോ ഐ.ടി
വിദ്യാർത്ഥിയെയും സൃഷ്ടിക്കാൻ സാധിക്കുന്നുണ്ട്.

*എന്ന്,*

*മാഗസിൻ ബോർഡ്.*

## ആശംസ

ലിറ്റിൽ കൈറ്റ്സ് ,ഹൈടെക്ക് സ്കൂളിലെ ഐ.ടി കൂട്ടയ്മ. നമുക്കറിയാം പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായിട്ട് കേരളത്തിലെ ഒട്ടുമിക്ക ഹൈസ്കൂളും ഹൈടെക്ക് സ്കൂളുകളായി ഏകദേശം 25 ൽ അധികം 2500-ലോളം ക്ലാസ് റൂമുകൾ സ്മാർട്ട്

ക്ലാസ് റൂമുകളായി. ഈ സ്മാർട്ട് ക്ലാസുകളിലൂടെയാണ് മിക്കവാറുമുള്ള ഹൈസ്കൂൾ വിദ്യാർത്ഥിയുടെ വിദ്യാഭ്യാസം നടന്നുകൊണ്ടിരിക്കുന്നത്. സ്മാർട്ട് ക്ലാസ് റൂമിൽ ഇരുന്ന് പഠിക്കേണ്ട വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും അതുപോലെതന്നെ പഠിപ്പിക്കേണ്ടുന്ന ആധ്യാപകരും ഹൈടെക്കുകളായി മാറേണ്ടതുണ്ട്. അതിനുവേണ്ടി സ്കൂളുകളിൽ രൂപികരിച്ചിട്ടുള്ള ICT പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് എന്ന് പറയുന്നത്. ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ കൂട്ടായ്മയാണ് ഈ ICT പദ്ധതി.നമുക്കറിയാം നാമിന്ന് ശാസ്ത്രലോകത്താണ് ജീവിക്കുന്നത്. ശാസ്ത്രത്തോടൊപ്പം വിവര സാങ്കേതികവിദ്യയുടെ കടന്നുകയറ്റവും കൂടിയുണ്ടായപ്പോൾ ശാസ്ത്രപുരോഗതി വളരെ വേഗത്തിലായി മാറിക്കഴിഞ്ഞു. ഇങ്ങനെ കുതിച്ചു മുന്നേറികോ ണ്ടിരിക്കുന്ന ഈ ശാസ്ത്രയുഗത്തിന് കുട്ടികളും ശാസ്ത്രിയമായിട്ട് വളരെയേറെ പ്രാധാന്യം നേടേണ്ടതുണ്ട്. അതിനായിട്ടാണ് ഈ ലിറ്റൽ കൈറ്റ്സ് എന്ന ഒരു സംരംഭം സ്കൂളുകളിൽ ആരംഭിച്ചിരി ക്കുന്നത്.കട്ടപ്പന ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സിൽ ഏകദേശം 30-ലോളം


കുട്ടികൾ ആ ക്ലബിലെ് അംഗങ്ങളായിരിക്കുന്നത്. അതുപോലെ തന്നെ മാസ്റ്റർ ട്രൈനീസ് ആയിട്ട് SITC ജൂബി ജേക്കപ്പ് ടീച്ചറും ജോയിന്റ് SITC-യായി ഗീത ആർ പിള്ളയ് ടീച്ചറും പ്രവർത്തിക്കുന്നു. കുട്ടികൾക്ക് ഏകദേശം 4 ദിവസത്തെ ട്രെയിനിംഗ് ലഭിച്ചു. ആ ട്രെയിനിംഗിൽ DSLR ക്യാമറ എങ്ങനെ കൈകാര്യം ചെയ്യാം എന്നതിനെ പറ്റി വിദഗ്ധമായ പരിശീലനം അവർക്ക് ലഭിച്ചിട്ടുണ്ട്. ആനിമേഷൻ, എഡിറ്റിങ്,ഫിലിംമേക്കിങ് ഇതെല്ലാം ഈ ക്യാമറ പ്രവർത്തന
ത്തിലൂടെ അവർക്ക് നിർവഹിക്കാനായിട്ട് സാധിക്കുന്നു. സ്കൂളി
ലുണ്ടാകുന്ന സാങ്കേതിക വിവരങ്ങളോക്കെ ശേഖരിക്കാൻ സംരക്ഷണം ചെയ്യാനുമോക്കെ ഈ ക്യാമറ കൈകാര്യം ചെയ്യുന്നതിലൂടെ കുട്ടികൾ പ്രാപിന്യം നേടിക്കഴിഞ്ഞു. അപ്പോൾ തുടർന്നുവരുന്ന അധ്യാന വർഷങ്ങളിൽ കൂടുതൽ കൂടുതൽ വികാസം പ്രാപിക്കാൻ എന്നു തന്നെ നമുക്ക് കരുതാം. കൂടുതൽ കുട്ടികളെ ലിറ്റിൽ കൈറ്റ്സിൽ അംഗങ്ങളാക്കാൻ നമുക്ക് സാധിക്കും. കുട്ടികൾക്ക് വളരെയധികം താൽപ്പര്യമുള്ള മേഖല തന്നെയാണ് ICT എന്നുള്ളത്. ഇതുകൂടാതെ നമ്മുടെ സ്കൂളിലെ കുട്ടികൾ ആരാമം എന്ന പേരുള്ള ഒരു ICT മാഗസീൻ

തയ്യാറാക്കിയിട്ടുണ്ട്. അതിന്റകത്ത് സ്കൂളിലെ കുട്ടികളുടെ വിവിധ കവിതകൾ,കഥകൾ,ഉപന്യാസങ്ങൾ അങ്ങനെയുള്ള കാര്യങ്ങളെല്ലാം അതുപോലെതന്നെ ചിത്രങ്ങൾ ഇതെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.എന്തായാലും തുടർന്ന് വരുന്ന വർഷങ്ങളിൽ ICT വളരെ മുമ്പോട്ടുതന്നെ പോകുമെന്നുള്ളതും കുട്ടികൾ വളരെ താൽപ്പര്യത്തോടുകൂടിതന്നെ ഇതിൽ അണിചേരുമെന്നതന്നെ നമുക്ക് വിശ്വസിക്കാം.

*എന്ന് രാജി ടീച്ചർ*


[Click here for video]

## ഋതുസംഗമം



ഓരോ ഋതുക്കൾപോലെ............
ജീവിതം മാറിമറിയുന്നു.
ഗംഗാസമതല തീരത്തുനിന്ന് ആദ്യമായ്
വന്നെത്തിയ വസന്തമേ.............
നിൻ തണലിൽഞാൻ ഒന്ന് മയങ്ങിക്കോട്ടെ.
ജീവിതംപോലെതന്നെ നിങ്ങൾ മറയുന്നു,
മാരിയായ് പെയ്യുന്ന വർഷമേ...........
നിന്നെ ഞാൻ തേടുന്നു ഇപ്പോൾ.
നിൻ കണ്ണീരായ് വീഴുമൊരൊ തുള്ളിക്കും
എന്നിൽ ആനന്ദം ജ്വലിപ്പിപ്പൂ.
മാറിമറിയുകയാണോ.

-നീന രാജീവ്



## <u>എന്ന് അമ്മയുടെ മകൻ രഘു</u>

പ്രിയപ്പെട്ട അമ്മേ ........ അയാൾ എഴുതാൻ തുടങ്ങുകയാണ്. കയ്യിലിരുന്ന പേന കയ്യിലിട്ടുരുട്ടി ഒരു ഇരുട്ടുമുറിയിലിരുന്ന അയാൾ ഓർക്കുകയാണ്. എങ്ങനെ പറയും ഞാനിത് എന്റെ അമ്മയോട് എന്താണ് എഴുതേണ്ടത് എന്നൊരു നിശ്ചയമില്ലാതെ പിന്നെയും തുടങ്ങി. അമ്മയ്ക്ക് സുഖം തന്നെയല്ലേ..... മുമ്പ് കത്തയയ്ക്കാതിരുന്നത് തിരക്കുമൂലമാണ്, ക്ഷമിക്കണം. വീട്ടിലെല്ലാവരും സുഖമായിരിക്കുന്നുവോ. അയാൾ എഴുതിനിർത്തി,. എല്ലാ ദിവസവും ചോദിക്കാറുള്ള കാര്യം ഒരു കുത്തും കോമയും വിടാതെയാണയാൾ എഴുതിയത്. ഇതിലുപരിയായി എന്തെങ്കിലും പറഞ്ഞാൽ അതെന്റെ അമ്മയ്ക്ക് താങ്ങാൻ കഴിഞ്ഞില്ലെങ്കിലോ . അയാൾ ഇരുന്ന ഇരുട്ട മുറിയിലേക്കു വേറൊരു നിഴൽ, ഒരു

പോലീസുകാരനായിരുന്നു അയാൾ . പിറകെ മറ്റൊരാളെ താങ്ങിപ്പിടിച്ച് വേറെ രണ്ടു ആളുകൾ . ഡോ.....ദാ തനിക്കൊരു കൂട്ട് വരുന്നുണ്ട്. ഒരു പുച്ഛത്തോടെ പോലീസുകാരിലൊരാൾ പറഞ്ഞു . രണ്ടു പോലീസുകാരും അയാളെ നിലത്തിരുത്തി . മേലാകെ ചുവന്ന ചോരയൊലിക്കുന്നു. അയാൾ എന്തിനോവേണ്ടി അലയുന്നതുപോലെ. രഘു കുറച്ചു വെള്ളമെടുത്ത് അയാൾക്കു നൽകി. ചുണ്ടുകൾ പൊട്ടി വിളറിയിരിക്കുന്നതിനാൽ വെള്ളം ഒഴിച്ചപ്പോൾ നീറിയിരുന്നു .

രഘു തിരിച്ച് ആ മുറിയുടെ മൂലയ്ക്ക് പോയി ഇരുന്നു . രാത്രി വൈകിയിട്ടില്ല. ആ മൂലയിലിരിന്ന് രഘു എന്തൊക്കെയോ ആലോചിക്കുകയാണ്. കുറച്ചു നേരത്തിനു ശേഷം അയാൾ പതുക്കെ എഴുന്നേറ്റു . രഘു എഴുന്നേൽക്കാനായി അയാളുടെ കയ്യിൽ പിടിച്ചു . കൈകൾക്ക് ഒട്ടും തന്നെ ബലമില്ല . രഘു അയാളെ പിടിച്ച് ഒരു മൂലയ്ക്കിരുത്തി ആയാളുടെ അടുത്ത് ചെന്ന് ചോദിച്ചു . ഒത്തിരി അടിച്ചല്ലെ. സാരമില്ല ശീലമായിക്കൊള്ളും . അത് കേട്ട് രഘുവിന്റെ

മുഖത്ത്നോക്കി ഒന്ന് പുഞ്ചിരിച്ചു . രഘു വീണ്ടും തുടർന്നു . എന്താ പേര്, എങ്ങനെയാ ഇവിടെ എത്തിയത് . അയാൾ മുകളിൽ ഇരുട്ടിൽ നോക്കിയിരുന്നു പറഞ്ഞു. എന്റെ പേര് ജയകുമാർ . ഒരു തെറ്റും ചെയ്യാത്ത എന്നെ ഒരു വിചാരണയും കൂടാതെ ഇവിടെ കൊണ്ടിട്ടിരിക്കുകയാണ് . നിങ്ങൾ തന്നെ പറയൂ , നിങ്ങളുടെ കൂട്ടത്തിലൊരാൾക്ക് ആപത്ത് വരുമ്പോൾ നിങ്ങളെന്തുചെയ്യും. സാധാരണ എല്ലാവരും ചെയ്യുന്ന കാര്യംകന്നെയെ ഞാനും ചെയ്തുത് . അവനെയങ്ങ് കോന്നുകളഞ്ഞു . അതിന് ഇവരെനിക്ക് വിധിച്ച ശിക്ഷ തൂക്കുകയർ. ജയകുമാറിന്റെ നിറഞ്ഞ കണ്ണുകളിൽ നോക്കി രഘു ചോദിച്ചു . ആർക്കുവേണ്ടിയായിരുന്നു . എന്റെ സഹോദരി ചേച്ചിക്കുവേണ്ടി ഞാനെന്തും ചെയ്യും . അന്ന് രാത്രി ... ആയിരുന്നു . രഘു ദേഷ്യത്തോടെ ചോദിച്ചു . എന്റെ അച്ഛൻ ചേച്ചിയുടെ രണ്ടാനച്ഛൻ. കിളവനിതുവരെ മോഹം തീർന്നിട്ടില്ല . ഇഷ്ടപ്പെട്ട ആളിന്റെ കൂടെ അന്ന് രാത്രി പോകാൻ ഇറങ്ങിയതായിരുന്നു . എന്നാൽ അന്ന് രാത്രി എന്റെ അച്ഛൻ കൊന്ന് കുഴിച്ചിട്ടു . ഒരു നിയമത്തിനുമത് കണ്ടുപിടിക്കാൻ കഴിഞ്ഞിരുന്നില്ല . എന്റെ ചങ്ക്

പൊട്ടിയത്, ചേച്ചി ജീവനുതുല്യം സ്നേഹിച്ച് കൂടെ ഇറങ്ങി പോകാനിരുന്നവനും കൂട്ടുന്നിന്നില്ലേ എന്നോർത്തിട്ടാണ്. അവൻ രക്ഷപ്പെട്ടു. എന്റെ അച്ഛരൻ എന്ന് പറഞ്ഞ് നടക്കുന്ന അയാളെ കണ്ണ് രണ്ടും പിഴിതെടുത്ത് കയ്യുകൾ വെട്ടിയെടുത്ത് മൃഗീയമായി തന്നെ ഞാൻ കൊന്നു. എന്റെ ചേച്ചിക്കുവേണ്ടി ഇത്രയെങ്കിലും ചെയ്യല്ലോ. അതുമതി എനിക്ക്. രഘു കുറച്ചുനേരം ഒന്നും പറയാതെ ഇരുന്നു. ശേഷം ചോദിച്ചു, പേടിയും വിഷമവും ഒന്നുമില്ലേ...... വീണ്ടും പുഞ്ചിരിച്ചുക്കൊണ്ടയാൾ പറഞ്ഞു. എന്റെ ഭാഗം ന്യായമാണ്. സത്യം മറച്ചുവയ്ക്കാൻ ആർക്കും കഴിയില്ല. താങ്കൾ ശ്രദ്ധിച്ചിട്ടുണ്ടോ, നമ്മുടേ അശോക സ്തംബത്തിന്റെ മൂന്ന് തലകൾ മാത്രമേ നമ്മുക്ക് കാണാൻ കഴിയൂ.... പക്ഷേ നാലാമത്തേതുമുണ്ട്, അത് സത്യമാണ്. സത്യത്തെ ഒളിപ്പിച്ച് വയ്ക്കാം. പക്ഷേ അത് ഇല്ലാതാക്കാൻ കഴിയില്ല.ഇത്രയും പറഞ്ഞ് അയാൾ ചാഞ്ഞു കിടന്നു. രഘു വീണ്ടും ഇരുട്ട്മുറിയിലെ മൂലയ്ക്കുപ്പോയിരുന്നു. അമ്മയ്ക്ക് എഴുതിക്കൊണ്ടിരുന്ന കത്ത് വീണ്ടും തുടർന്നു. അമ്മേ ഞാനിതുവരെ ഒളിപ്പിച്ചുവച്ച ഒരു കാര്യമുണ്ട്, അമ്മയുടെ

മകനൊരു കൊലയാളിയാണ്. എനിക്ക് തൂക്കുകയറാണ് വിധിച്ചിരിക്കുന്നത്. അമ്മ ഒരിക്കലും തളരരുത്. അമ്മയുടെ മകൻ ന്യായത്തിനുവേണ്ടിയാണ് തൂക്കുകയർ കേറുന്നത്. അച്ഛനോട് ഈ കാര്യം ഞാൻ പറഞ്ഞിരുന്നു. അമ്മ പഠിപ്പിച്ചുതന്ന, ന്യായത്തിനുവേണ്ടി പോരാടി ഞാൻ ഇന്നിതാ തൂക്കിലേറുന്നു. അമ്മ വിഷമിക്കരുത്. അത് കാണാനുനുള്ള ശേഷിയൊന്നും എനിക്കില്ല.

ഞാനെന്നും അമ്മയുടെ മകൻ തന്നെയാണ്. അമ്മയുടെ സ്വന്തം മകൻ.

എന്ന് അമ്മയുടെ മകൻ
രഘു

രുഗ്മ സാന്ദ്ര
(10A)


# കൊള്ളിവാക്കല്ലാതൊന്നും



നല്ല കക്ഷങ്ങളും നല്ല മുക്കടികളും
എല്ലാം കൊടുക്കുന്ന ഞാനെല്ലാം നേരവുമിപ്പോൾ
നെല്ലും വിശേഷം കാണാനില്ല ചേറെരുവറ്റും
ചെല്ലുന്നതില്ല രോഗം വെല്ലുനൗഷധ ജാലം
നെല്ലും നമുക്കു കഴിവില്ലെന്നു വന്നു കാന്ത-
നല്ലും പകലും കഴിവില്ലാതെ വലയുന്നു;
നില്ലാതെ വിഷമങ്ങൾ വല്ലാതെ വന്നു നമ-
ക്കെല്ലാ മോർത്താലാരോടു ചൊല്ലുന്നു ഞാനി ക്ലേശം?
ഇല്ലങ്ങളിൽ നടന്നു തെല്ലുമാരിയും തെണ്ടി
ചൊല്ലുന്ന പോലെ കുത്തിക്കല്ലു കളഞ്ഞു വച്ചു
നല്ല ചേറും കറിയുമൊല്ലാമുണ്ടാക്കികൊണ്ടു
ചെല്ലുന്ന നേരങ്ങു തെല്ലും രുചിയുമില്ല
കൊല്ലുന്നതിനേക്കാളും ശല്യമായിട്ടുള്ളൊരു
കൊള്ളിവാക്കല്ലാതൊന്നും ചൊല്ലുകയില്ലദ്ദേഹം.

-ശ്രീദേവി സജി

(9A)




## ഗുണമില്ലെങ്കിൽ പറയണ്ട

മറ്റുള്ളവരെപ്പറ്റി കുറ്റങ്ങളും പരാതിയും പറഞ്ഞുണ്ടാക്കുന്ന ഒരു പരദൂഷക്കാരൻ ഒരിക്കൽ ഒരു ഗുരുവിന്റെ അടുത്തെത്തി.
ഗുരോ എന്റെ അയൽവാസി ............ അയാൾ പറയാൻതുടങ്ങി.
പറഞ്ഞുതുടങ്ങാൻ വരട്ടെ, ഗുരു ഇടയ്ക്കുകയറി പറഞ്ഞു. നിങ്ങൾ എന്താണ് പറയാൻപോകുന്നത്- എന്റെ അയൽക്കാരൻ ഗുണമുള്ളവനല്ല എന്ന കാര്യമാണോ നിങ്ങൾ പറയാൻപോകുന്നത് . എന്റെ അയൽവാസിയെപറ്റിയാണ് അയാൾ പറയുന്നത്. എന്നാലും സാരമില്ല, നിങ്ങൾ പറയാൻ പോകുന്നത് കേട്ടിരിക്കുന്ന എനിക്ക് എന്തെങ്കിലും ഉപകാരം ഉണ്ടോ,

അതും ഇല്ല. പിന്നെ നിങ്ങൾ ഈ കാര്യം പറയുന്നതെന്തിനാണ്? ഞാൻ അത് കേൾക്കുന്നതും വേറുതയല്ലേ. അത്തരം കാര്യങ്ങൾ കേട്ടിരിക്കാൻ എനിക്ക് സമയമില്ല. ഗുരു ആ പരദൂഷക്കാരനെ പതുക്കെ മടക്കിവിട്ടു.

-സാനിയ സണ്ണി
(9A)



# <u>പ്രളയം</u>

വീഥിയുടെ നിശബ്ദതയിൽ വിളിക്കാത്ത
ഒരതിഥിയായ് പേരു പറയാതെ
പേരുവിളിക്കാതെ അവളെത്തി.
നാം ചെയ്യാത്ത തെറ്റിനു പകരമോ

നാം ചെയ്യ്ത നന്മയ്ക്കു പകരമോ
ദൈവത്തിന്റ സ്വന്തമാം നാട്ടിൽ.....

പേമാരിയായി കൊടുങ്കാറ്റായി പലഭാവം പൂണ്ട്
കലിതുള്ളി ഒരുനാളിൽ അവളെത്തി
അതുകണ്ട് നിശബ്ദരായി നാം നിന്നു.
ഓരോ നിമിഷവും ഓരോ ദിവസവും
പലഭാവങ്ങളിൽ അവളെത്തി ........

നിനയാത്ത നേരത്ത് പലരും ആ
കലിയിൽ ഒഴുകിപ്പോയി
പലരും വീണുമരിച്ചു.സ്വപ്നങ്ങളാം
വീടു തകർന്നു ഉറ്റവർ നഷ്ടപ്പെട്ടു
നിസ്സഹായരായി നാം നിന്നു
നമ്മുടെ മനോഹരമാം നാടിനെ
അവൾ തന്റെ കോപത്താൽ നശിപ്പിച്ചു

ജാതിഭേദമില്ലാതെ മതഭേദമില്ലാതെ
സമ്പന്നനേന്നോദരിദ്രനോ ഭേദമില്ലാതെ
എല്ലാവരും സ്നേഹകീഴിൽ അണിനിരന്നു
പിണക്കങ്ങളില്ല അതിരുകളില്ല,വാശിയില്ല
അവർ ഒന്നിച്ചു കഴിഞ്ഞു .

ഉയർത്തേഴന്നേൽക്കാൻ ആവാതെ
പോയ നമ്മുടെ നാടിനെ പലനാട്ടുകൾ
സഹായത്തിൽ കൈകളിലെന്തി
അങ്ങനെ നാം ഉയർത്തേഴന്നേൽപ്പിൻ
പാതയിൽ ഇനി നമുക്ക് സ്നേഹത്താൽ
ഒരുമിക്കാം നമ്മുടെ നാടിനെ ഒന്നിച്ച്
പടുത്തുയർത്താം ...!!!

-അനുഗ്രഹ ബിജു
(8A)

## ഐക്യമത്യം മഹാബലം



ഒരു ഗ്രാമത്തിൽ ഒരു കൃഷിക്കാരനും മൂന്നു മക്കളും താമസിച്ചിരുന്നു മക്കൾ തമ്മിൽ ശണ്ഠ കൂടുക പതിവാണ്. കൃഷിക്കാരൻ അതുകൊണ്ട് വളരെ ദുഃഖിച്ചു.

ഒരു ദിവസം കൃഷിക്കാരൻ രോഗം പിടിച്ച്

കിടപ്പിലായി. താനിനി അധികകാലം ജീവിക്കില്ലെന്ന് അയാൾ മനസ്സിലാക്കി. മക്കൾ ഇങ്ങനെ തമ്മിൽ തല്ലിയാൽ അവർ നശിച്ചു പോകുകയെ ഉള്ളൂ എന്നോർത്ത് അയാൾ അവരെ അരികിൽ വിളിച്ചു. അവരോട് ആറ് വടികൾ കൊണ്ടുവരാൻ ആവശ്യപ്പെട്ടു.വടികൾ മക്കളുടെ കയ്യിൽ കെടുത്തിട്ട് മൂന്ന് വടികൾ ഒടിക്കാൻ പറഞ്ഞു.

അവർ നിഷ്പ്രയാസം അത് ഒടിച്ചു.പിന്നീട് ബാക്കി വന്ന മൂന്ന് വടികളും കൂട്ടികെട്ടിയിട്ട് ഒടിക്കാൽ പറഞ്ഞു.


പക്ഷെ ആർക്കും ആ വടിക്കെട്ട് ഒടിക്കാൻ കഴിഞ്ഞില്ല.

കാരണം എന്താണോ?കൂട്ടിക്കെട്ടിയപ്പോൾ വടികൾക്ക് കൂടുതൽ ശക്തി കിട്ടി. "മക്കളെ ഇതാണ് ഐക്യത്തിന്റെ പാഠം" നിങ്ങൾ തമ്മിൽ ഐക്യം വേണം.മൂന്നുപേരും സഹായിച്ചും സഹകരിച്ചും ജീവിക്കണം.അപ്പോൾ നിങ്ങളുടെ ശക്തിയും ബലവും പതിൻ മടങ്ങ് വർദ്ധിക്കും.ആർക്കും നിങ്ങളെ തോൽപ്പിക്കാനാവില്ല. ഒന്നിച്ചാൽ നിങ്ങൾ നിലനിൽക്കും.ഭിന്നിച്ചാലോ നിങ്ങൾ നശിക്കും.ഐകമത്യം മഹാബലം എന്ന് പറഞ്ഞ് കൃഷിക്കാരൻ അന്ത്യശ്വാസം വലിച്ചു.മക്കൾ മൂന്നാളും സങ്കടത്തോടെ അച്ഛന്റെ ശവശരീരം കണ്ട് കരഞ്ഞു.ഇനി

ഒരിക്കലും അവർ ശണ്ഠപിടിക്കില്ലെന്ന് അച്ഛനോട് പറഞ്ഞു.

- അശ്വതി എ
(9A)

Click here for audio



## **നിൻകൂട്ടിനായി ഞാനുണ്ട്**

കിളിമകളേ............
കിളിമകളേ............
പ്രകൃതിയിൽ നീ.... തേടുവതെന്തേ.
കിളിമകളേ............ കിളിമകളേ............
പ്രകൃതിയിൽ നീ.... തേടുവതെന്തേ.

തുഞ്ചൻ പറമ്പത്തും പാടവരമ്പത്തും.
കൂട്ടുകൂട്ടാൻ  നിനക്കാരുമില്ലേ..
കതിരണിപ്പാടങ്ങൾ ചിറകേറ്റ് വിരിയുന്ന
കുളിർക്കാറ്റിലൂടെ നമ്മുക്കൊത്ത് പാടാം.
കിളിമകളേ............ കിളിമകളേ............
ഈ ധാരയിൽ നിനക്കാരുമില്ല എന്ന-
തോന്നലും നീ മാറ്റിയെഴുതണം.
എന്നും കൂട്ടിനായി ഞാനില്ലയോ?
നിൻ കൂടെ വാനത്തിൽ പാറി നടക്കുവാൻ
ഈ ധാരയിൽ ഇനി ഞാനുമുണ്ട്.

-നീനു രാജീവ്

(9A)

## സന്ദർശനം



അധികനേരമായ്
സന്ദർശകർക്കുള്ള
മുറിയിൽ  മൗനം കുടിച്ചിരിക്കുന്നു

നാം .
ജനലിനപ്പുറം ജീവിതം പോലെയി-
പ്പകൽ വെളിച്ചം പൊലിഞ്ഞു പോകുന്നതും,
ചിറകുപൂട്ടുവാൻ  കൂട്ടിലേക്കോർമ്മതൻ
കിളികളൊക്കെ പറന്നു പോവുന്നതും,
ഒരു നിമിഷം മറന്നു,പരസ്പരം
മിഴികളിൽ നമ്മൾ നഷ്ടപ്പെടുന്നുവോ?
മുറുകിയോ നെഞ്ചിടിപ്പിന്റെ താളവും,
 നിറയെ സംഗീതമുള്ള നിശ്വാസവും
പറയുവാനുണ്ട് പൊൻചെമ്പകം പൂത്ത
കരളുപണ്ടേ കരിഞ്ഞുപോയെങ്കിലും
കറപിടിച്ചൊരെൻ ചുണ്ടിൽ തുളുമ്പുവാൻ
 കവിത പോലും വരണ്ടുപോയെങ്കിലും
ചിറകുനീർത്തുവാനാകാതെ തൊണ്ടയിൽ
പിടയുകയാണൊരേകാന്തരോദനം.
        സ്മരണതൻ ദൂരസാഗരം തേടിയെൻ
ഹൃദയരേഖകൾ  നീളുന്നു പിന്നെയും-
കനകമൈലാഞ്ചിനീരിൻ തുടുത്ത നിൻ
 വിരൽ   തൊടുമ്പോർക്കിനാവു ചുരന്നതും,
നേടിയ കണ്ണിലെ കൃഷ്ണകാന്തങ്ങൾ തൻ
കിരണമേറ്റെന്റെ ചില്ലകൾ പൂത്തതും

മറവിയിൽ  മാഞ്ഞുപോയ നിൻ കുങ്കുമ-
ത്തിരി പുരണ്ട ചിദംബരസന്ധ്യകൾ......!!

- ടോണ  സന്തോഷ്
(9A)




## പുസ്തകം

പുസ്തകം നമ്മുടെ യഥാർത്ഥ മിത്രമാണ് . പുസ്തകങ്ങൾ ശേഖരിച്ച് വച്ചിട്ടുള്ള സ്ഥലമാണ് പുസ്തകലോകം . ഇന്ന് സ്കൂളുകളിലും കോളേജുകളിലും പുസ്തകാലയങ്ങൾ ഉണ്ട് . അദ്ധ്യാപകർക്കും

വിദ്യാർത്ഥികൾക്കും അവയിൽ നിന്ന് പ്രയോജനം ലഭിക്കുന്നു. പുസ്തകാലയങ്ങൾ പലവിധമുണ്ട്. വ്യക്തിപരം, വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ളവ, പൊതുവായുള്ളവ . പുസ്തകാലയങ്ങലിൽ പല തരത്തിലുള്ള പുസ്തകങ്ങൾ ഉണ്ട് . കാവ്യം , നാടകം ,നോവൽ, വിഭിന്നകൾ,ജീവചരിത്രം തുടങ്ങിയവ. പുസ്തകങ്ങൾ അമൂല്യമായ നിധികൾ ആണ്. പുസ്തകങ്ങൾ അറിവിന്റെ ഒരു മഹാസാഗരമാണ്.

- ആദിത്യ രാജേഷ്



## സഹോദര സ്നേഹം

ഒരു മനോഹരായ ഗ്രാമം. അവിടെയാണ് ശിവൻ താമസിക്കുന്നത് .അവന്റെ അച്ഛന്റെ ചേട്ടന്റെ കുട്ടികളെ ശിവന് വളരെ ഇഷ്ടമാണ്. അവർക്കും അതുപോലെ തന്നെയാണ് . അവർക്ക് സ്വത്തിനോടൊന്നും ഇഷ്ടമില്ല. അവർക്ക് ശിവനെയായിരുന്നു ഇഷ്ടം . അങ്ങനെ

അവർ വളർന്നു. ശിവൻ, ബാലു, വിഷ്ണു,.

അവർ വളർന്നുവെങ്കിലും ബാലു എപ്പോഴും ഒരു കുഞ്ഞായിരുന്നു. അങ്ങനെ ശിവന്റെ കല്യാണം കഴിഞ്ഞു. ബാലു വളരെ സങ്കടപ്പെട്ടു. എന്നോടുള്ള സ്നേഹം പങ്കിട്ടുപോകുമോ എന്നോർത്ത്. പക്ഷെ, അങ്ങനെയൊന്നും നടന്നില്ല. ഏട്ടത്തി വളരെ പാവമയിരുന്നു. ഞങ്ങളുടെ കുടുംബം തകർന്നുകാണണം, ഞങ്ങളുടെ ബിസിനസ് തകർന്നു. എന്റെ ഏട്ടന്റെ പേരിലുള്ള സ്വത്തുക്കളെല്ലാം ഞങ്ങളുടെ പേരിലെഴുതുവച്ചു. പക്ഷെ, ഞങ്ങൾക്ക് അതൊന്നും വേണ്ടായിരുന്നു. ഞങ്ങൾക്ക് ഏട്ടനെ മതിയായിരുന്നു.

-രേവതി എം ജെ



## അമ്മ  എന്ന ദൈവം

സ്നേഹത്തിന്റെ  ഉറവിടമാണ് അമ്മ.അമ്മയില്ലെങ്കിൽ  നാമില്ല. അമ്മ ഒരു ദൈവമാണ് അമ്മ ഒരു സത്യമാണ് അമ്മ നമ്മുടെ പുണ്യമാണ് .വീട്ടിൽ നിന്ന് അമ്മയെ ഇറക്കിവിട്ടാൽ വീട്ടിലെ ഐശ്വര്യം നഷ്ടപ്പെടും. അമ്മയാണ് നമ്മുടെ എല്ലാം അമ്മ എന്ന മഹാലക്ഷ്മിയിൽ നിറയെ ഐശ്വര്യം തുളുമ്പുന്നു .ഇപ്പോൾ എല്ലാവരും സ്വന്തം പെറ്റമ്മയെ വീട്ടിൽനിന്ന്

ഇറക്കിവിടുകയും വൃദ്ധസധനത്തിൽ കൊണ്ട് വിടുകയും ചെയ്യുന്നു.ഇങ്ങനെ ചെയ്യുന്ന മക്കൾ അമ്മയുടെ മഹത്വം അറിയാത്തവരും അമ്മയോട് ദയയും കരുണയും ഇല്ലാത്തവരുമാണ് അമ്മയെ നാമാരും വീട്ടിൽ നിന്ന് ഇറക്കിവിടുകയോ വൃദ്ധസധനത്തിൽ കൊണ്ടുപ്പോയി വിടുകയോ ചെയ്യ്താൽ  നമ്മുടെ വീടിന്റെ ഐശ്വര്യവും നഷ്ടമാകും .നമ്മൾ ജനിക്കുമ്പോൾ ആദ്യമായി ദർശിക്കുന്നത് അമ്മയുടെ മുഖമാണ് ആ അമ്മയെ ഒരിക്കലും അനാഥായക്കരുത് .

എല്ലാം സഹിക്കുകയും ക്ഷമിക്കുകയും എല്ലാ സങ്കടങ്ങളും മനസ്സിൽ ഒതുക്കി മറ്റുള്ളവരെ അറിയിക്കാതെ ജീവിക്കുകയാണ് അമ്മ.ആ അമ്മയെ ചിലർ വെറുക്കുകയും ചെയ്യുന്നു.പ്രയമായ അമ്മയെയും അച്ഛനെയും മക്കൾക്ക് ഇഷ്ടമല്ല. വീട്ടിൽ ഒരു അതിഥി വന്നാൽ അമ്മയെയും അച്ഛനെയും ഒരു മുറിയിലിട്ട് പൂട്ടുന്നു.ശേഷം മിണ്ടാതിരിക്കാൻ പറയുന്നു.അഥവാ അവർ അറിയാതെ മിണ്ടിയാൽ തീർന്നു,അന്ന് അവർക്ക് ഭക്ഷണം കൊടുക്കാതിരിക്കുകയും ക്രൂരമായി മർദ്ധിക്കുകയും ചെയ്യുന്നു. അങ്ങനെ ഒരിക്കലും നമ്മൾ അമ്മയെ ചീത്ത പറയരുത് ,ചീത്ത പറഞ്ഞ് അമ്മയ്ക്ക് കോപം വന്ന് ഒന്ന് പ്രാകിയാൽ അന്നത്തോടെ നമ്മുടെ

ദോഷം ആരംഭിക്കുന്നു.അങ്ങനെ കഴിവതും നമ്മൾ പ്രാകൽ വാങ്ങാതിരിക്കുക. അമ്മ എന്ന സത്യത്തെ നമ്മൾ ഒരിക്കലും ഇല്ലാതാക്കരുത്.നമ്മൾ അമ്മയ്ക്കുവേണ്ടി എന്നും പ്രാർഥിക്കണം.അമ്മയ്ക്കു നല്ലതു വരാൻ പ്രാർത്ഥിക്കണം. പെറ്റമ്മയെ നമ്മൾ പ്രാകരുത്.അമ്മമാർ നമ്മളെ നന്മ പഠിപ്പിക്കുന്നു.അമ്മ തിന്മയെ എതിർക്കുന്നു. അമ്മ ഒരു സത്യസന്ധയായ സ്ത്രീയാണ്.അമ്മയ്ക്ക് മക്കളോട് സ്നേഹവും കരുണയും ഉണ്ട്.നമുക്ക് അമ്മയെ എത്രമാത്രം സ്നേഹിക്കാൻ കഴിയുമോ അത്രമാത്രം സ്നേഹം നമ്മൾ അമ്മയ്ക്ക് നല്കണം.അമ്മ നമ്മുടെ ആശ്രയം,അമ്മ നമ്മുടെ തുണ,അമ്മ നമ്മുടെ ധൈര്യം,എല്ലാം തന്നെ നമുക്ക്, നമ്മുക്ക് നമ്മുടെ അമ്മയാണ്.

ദേവിക ടി കെ

(8A)

## വായനാക്കുറിപ്പുകൾ



### ദി ആൽക്കമിസ്റ്റ്

[-പൗലോ കൊയ്‌ലോ.]

ബ്രസീലിയൻ സാഹിത്യകാരനായ "പൗലോ കൊയ്‌ലോ"എഴുതിയ അതിപ്രശസ്തമായ ഒരു നോവലാണ് "ദി ആൽക്കമിസ്റ്റ".ഈ കൃതി 1988-ൽ ആണ് ആദ്യമായി പ്രസിദ്ധികരച്ചത്.പോർച്ചുഗീസ് ഭാഷയിൽ രചിക്കപ്പെട്ട ഈ നോവൽ 67 ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട കൃതി

എന്ന നിലയിൽ ഗിന്നസ് ബുക്കിൽ ഇടം നേടി.150 രാജ്യങ്ങളിൽ 65 ലക്ഷത്തിൽപ്പരം കോപ്പികൾ വിറ്റഴിക്കപ്പെട്ടു.പൗലോ കൊയ്‌ലോയുടെ ഈ കൃതിയുടെ മനോഹാരിത വിവർത്തനം നടത്തിയിരിക്കുന്നത്.

ഒരു സ്വപ്ന ദർശനം !അതിന്റെ ഇഹലോക പരിണാമത്തിൽ ഒരു മനുഷ്യജീവന് ലഭ്യമാകുന്ന പുതുമകൾ ഇവയെല്ലാം ദൈവിക പരാമർശങ്ങളോടെ സമർഥിക്കുകയാണ് പൗലോകൊയ്‌ലോ ചെയ്യുന്നത്. സാന്റിയാഗോ എന്ന ഇടയബാലന് ഉണ്ടായ സ്വപ്ന ദർശനവും സ്വപ്നത്തിൽ കണ്ട നിധി തേടി ഈജിപ്തിലെ പിരമിടുകൾക്ക് അടുത്തെയ്ക്കുള്ള യാത്രയുമാണ് ദൈവീക സൗരഭ്യം വിതറി "ദി ആൽക്കമിസ്റ്റിൽ" പൗലോ കൊയ്‌ലോ വരച്ച് ചേർത്തിരിക്കുന്നത്.


ആട്ടിടയനായ സാന്റിയാദഗോ ഈജിപ്തിലെ പിരമിടുകൾക്ക് സമീപം ഒരു നിധിയുണ്ടെന്ന് സ്വപ്നം കാണുന്ന ജീവിതസുഖം മോഹിച്ച് യാത്രയും മുഖാമുഖം നടത്തുന്ന സ്ഥലങ്ങൾ, ആളുകൾ,സംഭവങ്ങൾ എന്നിവയും അവതരിപ്പിക്കുന്നു.സ്വപ്നം വിശകലനം ചെയ്യുന്ന വൃദ്ധ രാജാവെന്ന് സ്വയം പരിചയപ്പെടുത്തുന്ന ആൾ ബേക്കറിക്കാരൻ, മരുഭൂമിയിൽ സ്പടിക പാത്രം വിൽക്കുന്നയാൾ,മരുഭൂമിയും ഒരു പ്രധാന കഥാപാത്രമാകുന്നു.ഫാത്തിമയെ കണ്ടെത്തിയ ഇടവെളയ്ക്ക് ശേഷം സാന്റിയാഗോയുടെ യാത്ര വീണ്ടും തുടരുന്നു.ലക്ഷ്യസ്ഥാനത്ത് എത്തിയെങ്കിലും ജീവിതയാത്രയുടെ തിരർത്ഥകഥ വെളിപ്പെടുത്തുന്ന മട്ടിയായി സാന്റിയാഗോയുടെ

യാത്രയുടെ അവസാനം.

"എന്തെങ്കിലും നേടിയെടുക്കണമെന്ന് ഒരാൾ പൂർണ്ണ മനസ്സോടെ ആഗ്രഹിച്ചാൽ ആ ആഗ്രഹം സഫലമാക്കാനായി ലോകം മുഴുവൻ അവന്റെ സഹായത്തിനെത്തും."

- എമിൽഡ റെയ്സൺ
(9A)

## ഉപന്യാസം



**വിഷയം:മലയാള ഭാഷയുടെ പ്രധാന്യം**

## നമ്മുടെ ഭാഷ മാതൃഭാഷ

നമ്മൾ മലയാളികളുടെ മാതൃഭാഷയാണല്ലോ മലയാളം? മലയാളം എന്ന പവിഴമുത്തുകൾ പതിനാലുദേശത്തായി ഉയർന്നു കേൾക്കുന്നു. മലയാളം ശ്രേഷ്ഠഭാഷയാണ്.ആയിരങ്ങളുടെ നെഞ്ചിൽ നിറയണ ഭാഷ. ഒരു കുഞ്ഞ് ജനിക്കുമ്പോൾ അമ്മിഞ്ഞപ്പാലിനൊപ്പം ചെല്ലുന്നത് മാതൃഭാഷയായ മലയാളവും കൂടിയാണ്.അത്രപ്രാധാന്യമാണ് നമ്മുടെ ഭാഷയ്ക്ക്.മലയാളം അറിയാത്തവർ മലയാളിയല്ല. മലയാള മാധുര്യമറിയാത്തവർ ഒരു വ്യക്തിയല്ല.മലയാളത്തെപ്പറ്റി ഒരുപാട് മഹത് വ്യക്തികൾ എഴുതിയിട്ടുണ്ട് ഒരു കവിയുടെ വാചകമാണ് :

"അമ്പത്തൊന്നക്ഷരമല്ല മലയാളം
അമ്മയെന്ന രണ്ടക്ഷരമാണ് മലയാളം"

ഇതിൽ അമ്മ എന്ന രണ്ടക്ഷരമാണ് മലയാളം.അത്രയ്ക്കു പുണ്യമായ ഭാഷയാണ് മലയാളം.എന്നാൽ ഇന്ന് നമ്മുടെമലയാളത്തിന്റെ പ്രശക്തി എന്തുകൊണ്ട് കുറഞ്ഞു.ഇന്ന് നമ്മുടെ സമൂഹത്തിൽ വളർന്നു വരുന്നത് ഇംഗ്ലീഷ് ഭാഷ ശൈലിയാണ്.

ഇംഗ്ലീഷിൽ മനസ്സ് അർപ്പിച്ചിരിക്കുന്ന ഈ സമൂഹം മലയാളത്തെ മറന്ന് പോയോ? പുതുതലമുറ മലയാളത്തിന്റെ പ്രധാന്യം മറന്നുപേയിരിക്കുന്നു. അവർ ഇംഗ്ലിഷ് ഭാഷശൈലി വളരെ അധികം സ്നേഹിക്കുന്നു. ജീവിതത്തിൽ ഇംഗ്ലിഷിന് നൽകുന്ന അതേ പ്രാധാന്യം നാം മലയാളത്തിനും നൽകണം മലയാളം എന്നത് ശ്രേഷ്ഠഭാഷയാണ്.മലയാളത്തെ മറന്ന് നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല.ആയിരം മഹാകവികൾ നെഞ്ചിലേറ്റിയ

മലയാളം പുതുതലമുറയ്ക്കായി കൈമാറാം. മാതൃഭാഷയുടെ മാതൃത്വം നമ്മുക്ക് മനസ്സിലാക്കാം .നമ്മുക്ക് ഒരുമിച്ച് പാടാം

"മലയാള ഭാഷേ നമോനമ......"

-സൂര്യാമോൾ കെ . ആർ

(9A)



## <u>കുഞ്ഞിക്കിളി</u>

മംഗളവനത്തിലെ സുന്ദരിയായ കുഞ്ഞിക്കിളിയെ എല്ലാവർക്കും ഇഷ്ടമായിരുന്നു.ദുഷ്ടത്തിയായ കറുമ്പികാക്കയും മുതുക്കിപ്പുള്ളും അവിടുത്തെ സ്ഥിരം ശല്യക്കാരാണ്.കുഞ്ഞിക്കിളി എപ്പോൾ മുട്ടയിട്ടാലും കാക്കയും പുള്ളും ചേർന്ന് അത് പൊട്ടിച്ചു-കളയും .ഇരുവരുടെയും ക്രൂരതകൾ തുടർന്നു.കുഞ്ഞിക്കിളി

ഏറെ വേദനിച്ചു .കുഞ്ഞിക്കിളി ഒടുവിൽ  മറ്റൊരു മരത്തിൽ കൂടുകെട്ടി  .
ഇതേ സമയം കുഞ്ഞിക്കിളിയുടെ പുതിയ താമസസ്ഥലം തേടി നടക്കുകയായിരുന്നു കറുമ്പികാക്ക.
കുഞ്ഞിക്കിളിയെത്തേടി പുള്ളും
കുറേ അലഞ്ഞു .ഒരിക്കൽ പതിവുപ്പോലെ വൈകിട്ട് തന്റെ കൂട്ടിലേയ്ക്ക് മടങ്ങുകയായിരുന്നു കുഞ്ഞിക്കിളി.തന്റെ പിറകെ കറുമ്പിക്കാക്ക വരുന്നത് ശ്രദ്ധിച്ചു. തന്റെ കൂട് കണ്ടെത്തി മുട്ടകൾ നശിപ്പിക്കാനുള്ള നീക്കമാണ് ഇതെന്ന് കുഞ്ഞിക്കിളിക്ക് മനസ്സിലായി. അവൾ ഒരു സൂത്രമൊപ്പിക്കാമെന്ന്  വിചാരിച്ച് നേരെ മുതുക്കിപ്പുള്ളിന്റെ കൂട്ടിലേയ്ക്ക് പറന്നു.പിന്നാലെ വന്ന കറുമ്പിക്കാക്ക അതു കണ്ടു. മുതുക്കിപ്പുള്ളിന്റെ കൂട് കുഞ്ഞിക്കിളിയുടേതാണെന്ന് തെറ്റിദ്ധരിച്ചു. കറുമ്പിക്കാക്ക തിരികെപ്പോയി. കുറെ കഴിഞ്ഞപ്പോൾ കറുമ്പിക്കാക്ക തിരികെ വന്ന് ആ കൂട്ടിലെ മുട്ടകൾ എല്ലാം നശിപ്പിച്ചു. ഒടുവിൽ ഒരു യുദ്ധത്തിനു ശേഷം ഇരുവരും ചത്തുവീണു.

ഗുണപാഠം:മറ്റുള്ളവരെ ദ്രോഹിച്ചാൽ നമ്മുടെ അവസ്ഥയും ഇതായിരിക്കും.

-എയ്ഞ്ചൽ ആർ തോമസ്
(9A)




## ആൽക്കമിസ്റ്റിൽ നിന്നുള്ള വരികൾ

* സഫലമാക്കാൻ തക്കവണ്ണമുള്ളൊരു സ്വപ്നം മനസ്സിലുണ്ടാകു-
മ്പോഴെ ജീവിതം അർഥപൂർണമാകൂ.
* ഒരാൾ ആരോ എന്തോ ആകട്ടെ ,എന്തെങ്കിലുമൊന്ന് പൂർണമനസ്സോടെ തീവ്രമായി ആഗ്രഹിക്കുന്നുവെങ്കിൽ അത് നടക്കാതെ വരില്ല.
*മനുഷ്യർക്കെന്തും നേടാനാകും മനസ്സിൽ അത്രയ്ക്കും നല്ല

മോഹം വേണമെന്നുമാത്രം .
*ഈ പ്രപഞ്ചത്തിൽ ഒരു വസ്തുവും ഒറ്റപ്പെട്ടതായിട്ടില്ല തമ്മിൽത്തമ്മിൽ ഏതോ വിധത്തിൽ ഓരോന്നും കൂട്ടിയിണക്കപ്പെട്ടു.
*ഓരോ ദിവസത്തിനുമുണ്ട് അതിന്റേതായ വിസ്മയങ്ങൾ.

-എമിൽഡ റെയ്സൺ
( 9A )



## അധ്യാപികയുടെ സ്നേഹവാത്സല്യം

അമ്മു എന്ന പെൺകുട്ടി ഒരു കൊച്ചു ഗ്രാമത്തിലാണ് ജനിച്ചത് .അവൾക്ക് ചെറുപ്പം മുതൽ കഥകളും ,കവിതകളും, നോവലുകളും വായിക്കാൻ ഇഷ്ടമായിരുന്നു .അവൾക്ക് എന്ത് പുസ്തകം കിട്ടിയാലും അവൾ അത് വായിക്കും .

അവളുടെ കുടുംബം വളരെ പാവപ്പെട്ട കുടുംബമാണ്. അവളുടെ അച്ഛൻ വളരെ കഷ്ടപ്പെട്ടാണ് അവരുടെ കുടുംബം നോക്കിയിരുന്നത് .അതിനാൽ തന്നെ

അവൾക്ക് കഥപുസ്തകങ്ങളോ കവിതാപുസ്തകങ്ങളോ വാങ്ങിക്കാനുള്ള പണം കൈയിൽ ഇല്ലായിരുന്നു. അപ്പോഴാണ് അവൾ പഠിക്കുന്ന സ്കൂളിൽ ലൈബ്രറി തുടങ്ങിയത്.അത് അവൾക്ക് വളരെ ഇഷ്ടമായി.അവൾ അഞ്ചാം ക്ലാസിലാണ് പഠിക്കുന്നത്.

അവൾക്ക് പുസ്തകം വായിക്കാൻ ഇഷ്ടമാണെന്ന കാര്യം അവളുടെ ക്ലാസ് ടീച്ചർ അറിഞ്ഞു. ആ ടീച്ചർ പഠിപ്പിക്കുന്ന വിഷയം തന്നെ മലയാളം ആണ്. ആ ടീച്ചർ അവളോട് ഒരു ദിവസം പറഞ്ഞു "നീ വായിക്കുന്ന പുസ്തകങ്ങളുടെ കുറിപ്പുകൾ അവളുടെ ടീച്ചറിനെ കാണിക്കാൻ ".ടീച്ചർ അവൾക്ക് ഒരു ദിവസം ഒരു സമ്മാനം കൊടുത്തു.ഒരു വലിയ കഥാപുസ്തകം. അത് വായിച്ചപ്പോൾ അവൾക്ക് ഒരു കാര്യം മനസ്സിലായി, നമ്മുക്കും നല്ല നല്ല കഥകൾ എഴുതാൻ സാധിക്കുമെന്ന്. അവൾ പിറ്റേദിവസം അവളുടെ ടീച്ചറിനോട് ചോദിച്ചു "ടീച്ചറേ എനിക്കും കഥകൾ എഴുതാമോ ? ". ടീച്ചർ പറഞ്ഞു :" നിനക്കും കഥ എഴുതാമല്ലോ.എന്നാൽനീ ഒരു കാര്യം ചെയ്യ് നീ നാളെ ഒരു കഥ എഴുതിക്കൊണ്ട് വാ". അപ്പോൾ മുതൽ അവൾക്ക് കഥയെക്കുറിച്ചായിരുന്നു ചിന്ത, കഥ എങ്ങനെ എഴുതും എന്നായിരുന്നു.


അവൾ വീട്ടിൽ ചെന്ന് കഥ എഴുതാൻ തുടങ്ങി .

അവൾ എഴുതിയത് നമ്മുടെ പ്രക്രിതിയെക്കുറിച്ചാണ് . പിറ്റേ ദിവസം അവൾ ആ കഥ ടീച്ചറിനെ വായിച്ചുകേൾപ്പിച്ചു. ടീച്ചർ ആ കഥ നല്ലതാണെന്ന് പറഞ്ഞു. ടീച്ചർ പറഞ്ഞ ആ വാക്കുകൾ അവളുടെ ഹൃദയത്തെ ആഴത്തിൽ സ്പർശിച്ചു .

നമ്മുടെ ജീവിതത്തിൽ പല കഴിവുകൾ ആയിരിക്കും ദൈവം നമുക്ക് തന്നിരിക്കുന്നത് . അത് നമ്മൾ പ്രയോജനപ്പെടുത്തണം. അതുപോലെ ഒരു അധ്യാപികയുടെ സ്നേഹ വാക്കുകളാണ് അമ്മു എന്ന പെൺകുട്ടിയുടെ ജീവിതത്തിൽ ഉണർവ് വരുത്തിയത്. അതുപോലെതന്നെ നമ്മുടെ ജീവിതത്തിലും അധ്യപകരുടെ വാക്കുകൾ നമ്മെ ഉണർത്തിയേക്കാം.

-സാനിയ സണ്ണി

(9A)



# സുരക്ഷിതമായ നാളെയ്ക്ക്

“എന്തൊരു മഴ , സന്ധ്യക്ക തുടങ്ങി പുലരും വരെ തുടർന്നു.കാർമേഘങ്ങൾ കൂട്ടത്തോടെ ആകാശത്തു മെതിച്ചു നടന്നു . കുന്നുകളുടെയും വനനിരകളുടെയും മുഖങ്ങൾ കറുത്തു.

വനഹൃദയങ്ങളിൽ നിന്ന് ഒഴുകിവരുന്ന വളക്കൂറുള്ള കറുത്ത പുതു വെള്ളം വളപ്പുകളിലൂടെ,വയലുകളിലൂടെ കുത്തിയൊഴുകി താഴെ കൈവഴികളിലൂടെ നാട്ടിൽ നിന്ന് കടന്നു പോകുന്നു. ”

-ശ്രീകുട്ടൻ ശ്രീനിവാസൻ
(9A)



## <u>മൂന്ന് ഉപദേശങ്ങൾ</u>

ഒരിക്കൽ ഒരു നായാട്ടുകാരൻ കാട്ടിൽ വല വിരിച്ചു. പാവം ഒരു കുഞ്ഞുകുരുവി ഇതറിയാതെ വലയിൽ അകപ്പെട്ടു. തക്കസമയത്തു നായാട്ടുകാരൻ അവിടെ വന്നു. അവൻ കുരുവിയെ കൈയ്യിലെടുത്തു. കുരുവി പറഞ്ഞു: ഒരപേക്ഷയുണ്ട്, എന്നെ കൊല്ലരുത്. താങ്കളുടെ ഒരു നേരത്തെ ആഹാരത്തിനുവേണ്ടി എന്നെ കൊല്ലരുത്. എന്നെ നിങ്ങളുടെ ഭക്ഷണമാക്കാൻ തികയില്ലല്ലോ? എന്നെ വെറുതേവിട്ടാൽ ഞാൻ താങ്കൾക്ക് മൂന്ന് വിലയേറിയ ഉപദേശങ്ങൾ തരാം. കുരുവിയുടെ വാക്കുകൾ

വിശ്വസിച്ച് അയാൾ കുരുവിയെ സ്വന്തമാക്കി. കുരുവി പറഞ്ഞു: "എന്റെ ജീവൻ തിരിച്ചുതന്നതിന് നന്ദി. ഇതാ എന്റെ മൂന്ന് ഉപദേശങ്ങൾ കേട്ടോളൂ: ഒന്ന്, സ്വന്തം ബുദ്ധിക്ക് നിരക്കാത്ത ഒരു കഥയും വിശ്വസിക്കരുത്. രണ്ട്, കൈവിട്ടുപോയതിനെ ഓർത്ത് ദുഃഖിക്കരുത്.മൂന്ന്, അസാധ്യമായ കാര്യം ചെയ്യാൻ ശ്രമിക്കരുത്. അതിത് വെറുതെ നേരം കളയരുത് .ഉടനെ ആ വേട്ടക്കാരൻ പറഞ്ഞു: ഹ,ഹ ഇതാണോ നിന്റെ വിലയേറിയ ഉപദേശങ്ങൾ! ഇതൊക്കെ എനിക്കറിയാവുന്ന കാര്യങ്ങളാണ്. നിസാരനായ നിന്നിൽനിന്ന് ഇതൊന്നും

പഠിക്കേണ്ട കാര്യമില്ല. കുരുവി പറഞ്ഞു: എന്നാൽ കേട്ടോളൂ. എന്റെ ഹൃദയം ഒരു മാണിക്യകല്ലാണ്. എന്റെ ഹൃദയം വിറ്റാൽ നിനക്ക് കോടീശ്വരനാകാം, അത്ര വലിയ വിലയാണ് എന്റെ ഹൃദയത്തിന്. ഉടനെ വേട്ടക്കാരൻ കുരുവിയോടു പറഞ്ഞു: അങ്ങനെയാണോ! എന്നാൽ നിന്നെ പിടികൂടിയിട്ടുതന്നെ കാര്യം. കുരുവി പറഞ്ഞു: അങ്ങനെയാണോ! എന്നാൽ നിങ്ങൾ ശരിക്കും ഒരു വിഢ്ഢിതന്നെ......! ഞാൻ ആദ്യം പറഞ്ഞ മൂന്ന് ഉപദേശങ്ങളും നിങ്ങൾക്കറിയില്ല.

ഏതെങ്കിലും ഒരു പക്ഷിയുടെ ഹൃദയം മാണിക്യകല്ലാണ് എന്ന് നിങ്ങൾ കേട്ടിട്ടുണ്ടോ? ഞാൻ പറഞ്ഞ കള്ളത്തരം നിങ്ങൾ വിശ്വസിച്ചു. എന്റെ ഹൃദയം മാണിക്യകല്ലാണ് എന്ന് പറഞ്ഞപ്പോൾ എന്നെ കൈവിട്ടതിനെ ഓർത്ത് നിങ്ങൾ ദുഃഖിച്ചു. അങ്ങനെ എന്റെ രണ്ടാമത്തെ ഉപദേശവും നിങ്ങൾ പാലിച്ചില്ല. ഈ മരത്തിൽ വലിഞ്ഞുകയറി എന്നെ പിടിക്കാമെന്ന് കരുതുന്നത് എത്ര മണ്ടത്തരംതന്നെയാണ്. ഇതു കേട്ടയുടനെ വേട്ടക്കാരൻ ദുഃഖിച്ച് പോവുകയും , കിളി തന്റെ ബുദ്ധിയോർത്ത് സന്തോഷിക്കുകയും ചെയ്തു

ഗുണപാഠം:

(ഉപദേശങ്ങൾ കേട്ടതുകൊണ്ട് മാത്രമായില്ല , അതിന്റെ അർഥം കൂടിഅറിഞ്ഞേ പ്രവർത്തിക്കാവൂ ,എങ്കിലേ വിജയം കൈവരൂ)

-എയ്ഞ്ചൽ ആർ തോമസ്

(9A)



## <u>ശരി മലയാളം</u>

"പ്രവൃത്തി"യും "പ്രവർത്തി "യും ശരിയാണോ? പ്രവൃത്തനവും പ്രവർത്തനവും ശരിയാണോ? ഇതിൽ ഏതാണ്ട ശരി?എല്ലാം ശരിയാണോ?

"നമ്മുടെ പ്രവൃത്തി നല്ലതാവണം" ഇവിടെ പ്രവൃത്തി എന്നു തന്നെ വേണം .വേല ,തൊഴിൽ എന്നൊക്കെയാണ് ഈ പദത്തിന്റെ അർഥം.ഇങ്ങനെ ശരിയായി ഉച്ചരിച്ചു നോക്കിയാൽ ഈ പദങ്ങൾ തെറ്റുകൂടാതെ എഴുതാൻ എളുപ്പമാകും പ്രവൃത്തിയിൽ
"ഋ " എന്ന സ്വരമാണുള്ളത്.അതിൽ വ കഴിഞ്ഞ് " ൃ " എന്ന ചിഹ്നം .
ചേർക്കണം പ്രവർത്തനത്തിൽ "വ" കഴിഞ്ഞ് " ർ " എന്ന ചില്ലക്ഷരമാണ് വേണ്ടത്. "വ " കഴിഞ്ഞ് " ർ " പേർ ചേർക്കണം.
നമ്മുക്ക് ശരിയായി പറഞ്ഞു ശീലിക്കാം ; എഴുതി ശീലിക്കാം.

-എയ്ഞ്ചൽ ആർ തോമസ്
(9A)



## എന്റെ കേരളം

വെള്ളിക്കരയിട്ട മരതക
പട്ടുചുറ്റി
മണ്ണിൽ മകുടമായി വിളങ്ങും
ലാവണ്യവതി മനശ്ശാന്തിതരും
എന്റെ ജന്മ നാടേ മനോഹരീ......

പച്ചപ്പട്ടുപാവാടയിൽ മിന്നും
വെള്ളിനൂലിഴപോലസംഖ്യം
ശീതളമാമല ഞൊറിയിളകും
കോമളനദികളുമീറൻ തടങ്ങളും......

മഞ്ഞുപൊഴിയും വസന്തത്തിൽ
വിരിയുമായിരം പൂവടികൾ
കുളിർത്തെന്നലാഞ്ഞുവീശും
ഉഷ്ണകാലത്തും നീല ജലാശയങ്ങൾ.

-ചൈതന്യ നായർ
( 9 A)



## നക്ഷത്രത്തിലാണ്

## അമ്മയും അച്ഛനും

അപ്പു മുറ്റത്തിരുന് എന്തോ ചിന്തിക്കുകയാണ്. അച്ഛൻ അവൻ എന്താണ് ചെയ്യുന്നതെന്നറിയാൻ അവൻ അറിയാതെ അവന്റെ പിറകിൽപ്പോയി

നിന്നു. ആകാശത്ത് നോക്കി അവൻ എന്താ പറയുന്നതെന്ന് അച്ചൻ നോക്കി. "അമ്മ എന്നാണ് നക്ഷത്രങ്ങളുടെ ഇടയിൽ നിന്ന് വരുന്നത്. ഞാൻ എത്ര നാളായി ഇങ്ങനെ വന്നു നിന്നു പറയാൻ തുടങ്ങിയിട്ട്. ഞാൻ പിണങ്ങി, ഇനി മിണ്ടില്ല"...........

അച്ചൻ ചോദിച്ചു."നീ ആരോടാ സംസാരിക്കുന്നത്". അപ്പു പറഞ്ഞു "അത് അമ്മയോടാ. അമ്മൂമ്മ പറഞ്ഞു അമ്മ നക്ഷത്രത്തിലാണെന്ന്. രാത്രിയാകുമ്പോൾ അമ്മ വരുമെന്ന്, എന്നോട് സംസാരിക്കുമെന്ന്. അച്ഛാ അച്ഛാ അമ്മ എന്നാ വരുന്നത്. എനിക്ക് അമ്മയെ കാണാൻ കൊതിയാകുവാ."

അച്ചൻ അവനോട് ഒന്നും പറയാതെ അവനേ മാറോടു ചേർത്തുപിടിച്ചു. "അമ്മ മോനെ കാണാൻ വേഗം വരും. ഇപ്പോൾ നമുക്ക് ഉറങ്ങാം. അച്ഛൻ അമ്മ വരുമ്പോൾ മോനോട് പറയാം."

കുറച്ചുനാൾക്കു ശേഷം തന്റെ അച്ഛന് ഒരു അബദ്ധംപറ്റി മരിക്കുന്നു. പിന്നീട് അവൻ അനാഥനാകുന്നു. അവന് അമ്മൂമ്മയും, അമ്മൂമ്മയ്ക്ക് അപ്പുവും മാത്രം . എന്നാൽ അച്ഛന്റെ മരണശേഷവും തന്റെ അമ്മൂമ്മ അപ്പുവിനോടു പറയുന്നു. "നീ വിഷമിക്കേണ്ട അച്ഛൻ നക്ഷത്രത്തിൽ പോയിരിക്കുവാ! നിന്റെ അമ്മയെ കൂട്ടിക്കൊണ്ടുവരാൻ”.

അങ്ങനെ കുറച്ചു നാളുകൾക്കുശേഷം അവന്റെ അമ്മൂമ്മയും അവനെ തനിച്ചായി പോകുന്നു. ആ ഏഴ് വയസ്സുള്ള ബാലന് ആരുമില്ലാതെ , അവൻ ആ ഇരുട്ടുനിറഞ്ഞ വീട്ടിൽ ഒറ്റയ്ക്കാകുന്നു. അവൻ ആ മുറ്റത്തിരുന്നു ,തന്റെ അച്ഛനെയും , അമ്മയെയും , അമ്മൂമ്മയെയും നോക്കി " നിങ്ങൾ വാ എനിക്ക് പേടിയാ" എന്നു പറയുന്നു.

............അവനെ നോക്കി മൂന്ന് നക്ഷത്രങ്ങൾ മിന്നിക്കൊണ്ടിരിക്കുകയാണ്...........

-നേഹ വിക്കി
(10A)




## <u>സൂര്യനുദിച്ചു കണ്ടേൻ</u>

സൂര്യനുദിച്ചു കണ്ടേൻ
താരിതിനന്താരോം
നേരം പുലർന്നുപോയേ
താരിതിനന്താരോം
ഒരുപിടി ഞാറെടുത്തേ
താരിതിനന്താരോം
ആദിത്യൻ കതിരുന്നകണ്ടേ
താരിതിനന്താരോം
ആരി ആരി ആരിയാരോതിരി രാരാ...
ആരി ആരി ആരിയാരോതിരി രാരാ..

അച്ചുതൻ കേച്ചു മുകിൽ വർണൻ
ദേവകി തന്റെ കൊച്ചു കൃഷ്ണൻ ഉണ്ണി പിറന്നേ
തിത്താരാ തിമിർത്തെ...
ആരി ആരി ആരിരേ തി ആരോ...
ഗോപാസ്ത്രികൾ ചെന്നകയോ മടിയിൽ വച്ച്
കുഞ്ഞിന് മുല കൊടുക്കയോ തിനാനാ
തിമിർതൈ
ആരി ആരി ആരിയാരോതി ആരാ
ചാട്ടുരുട്ടി മേലേകള്ളിലേ ചരട്ടും.
കെട്ടി പച്ചയോല പപ്പിനെ ഓടിച്ചോ
തിതാതതിമിർതെയ്യ്
ആരി ആരി ആരിയാരോതിരി ആരാ...
വമ്പയ്യേരോ പമ്പരങ്ങളും പകൽ  വള്ളയ്ക്കയ്
ഭഗവാനോരു പാതിര നേരത്തെ
തിമിർതെയ്യ് ...
ആരി ആരി ആരിരേതിരി ആരാ...
ആരി ആരി ആരിരേതിരി ആരാ...
ഏന്തിനാടി പൂങ്കോടിയേ കാറി നീ കരയണത്
എപ്പ വരും എപ്പ വരും പോന്ന കരിങ്കോടിയേ.!

- നിജോമോൻ തമ്പി
(9A)



## നവകേരളം

അമ്മയാണെൻ  കേരളം

നവകേരളം എൻ കേരളം
കേരനാടിൻ കേരളം
ഫലവൃക്ഷ നാടിൻ കേരളം
പുഴകൾ പൂക്കൾ മലകളും
വാഴുന്നൊരെന്റെ കേരളം

ഈശ്വരന്റെ സ്വന്തം നാടാ-
ണിത് എന്റെ സ്വന്തം കേരളം
ഹരിതഭംഗിയാസ്വദിക്കും
എന്റെ സ്വന്തം കേരളം
കേരളമിതു കേരളം
നവ കേരലം ഇതു കേരളം

നവകേരള സൃഷ്ടിക്കായി ഞാൻ
കാത്തുകൊള്ളുമെൻ നവകേരളം
കേരളം എൻ കേരളം
നവകേരളം എൻ നവകേരളം

-അഞ്ജലി ഉണ്ണികൃഷ്ണൻ
(9A)



## കൈയിൽ കിട്ടിയ സമ്പാദ്യം

പല തരത്തിലുള്ള പ്രതിമകളും ദൈവത്തിന്റെ ഫോട്ടോകളും വിൽക്കുന്ന ആളാണ് ഭോലാറാം. മൂന്നാല് ദിവസംകൂടി കഴിഞ്ഞാൽ അയാളുടെ മകളുടെ

പത്താമത്തെ പിറന്നാളാണ് . ലക്ഷ്മി എന്നാണ് ആ കുട്ടിയുടെ പേര് . ഇതുവരെ മകളുടെ പിറന്നാൾ ആഘോഷിക്കാനോ അവൾക്ക് പിറന്നാൾ ദിവസം നല്ല ഉടുപ്പുകളും കളിപ്പാട്ടങ്ങളും പലഹാരങ്ങളും വാങ്ങികൊടുക്കാനോ കഴിഞ്ഞിട്ടില്ല. ഈ പിറന്നാൾ ദിനത്തിൽ വളരെ ഭംഗിയായി ആഘോഷിക്കാമെന്നും പുതിയ ഉടുപ്പുകളും കളിപ്പാട്ടങ്ങളും വാങ്ങിത്തരാമെന്നും പറഞ്ഞ് അയാൾ മകൾക്ക് ആശ കൊടുത്തിരിക്കുകയാണ്. ഭോലാറാം വല്ലാതെ വിഷമിച്ചിരിക്കുകയാണ് . കുറച്ച് ദിവസമായി കടയിൽ കച്ചവടമൊന്നും ഇല്ല.കൈയ്യിൽ പൈസയുമില്ല. എന്തു ചെയ്യും?

ഗ്രാമത്തിൽ ഒരു ജന്മിയുടെ വീട്ടിൽ വിറകുകീറുകയും പശുക്കളേയും ആടുകളേയും പരിപാലിക്കുകയും ചെയ്യുന്ന വേലക്കാരനായിരുന്നു ഭോലാറാം . ഒരു ദിവസം പശുക്കളെ കുളിപ്പിക്കുമ്പോൾ പ്രായാധിക്യം മൂലം പശുത്തൊഴുത്തിൽ തളർന്ന് വീണു. കുറച്ച് കഴിഞ്ഞപ്പോൾ ഭോലോറാമിന് ബോധം തെളിഞ്ഞു.

" ഭോല്റാം ,ഇനി ഇവ്വുടുത്തെ ജോലികളൊന്നും പഴയതുപോലെ ചെയ്യാൻ നിനക്കാകില്ല. അതുകൊണ്ട് നീ ഇനി മുതൽ ഇവിടെ ജോലിക്ക് വരണ്ട."ജന്മി

പറഞ്ഞു.

" അയ്യോ അങ്ങുന്നേ , എന്നെ പറഞ്ഞുവിടല്ലേ ഇവിടെയുള്ളജോലിയല്ലാതെ ഞാനും കുടുംബവും എങ്ങനെ ജീവിക്കും . എന്നെ പറഞ്ഞുവിടല്ലേ അങ്ങുന്നേ" അയാൾ ജന്മിയോട് അപേക്ഷിച്ചു. "വേണ്ട ഇനി നീ വരണ്ട  തനിക്ക് ജോലികളൊന്നും ചെയ്യാൻ പറ്റില്ല അതുകൊണ്ട് നീ വിഷമിക്കേണ്ട . എന്തെങ്കിലും കച്ചവടം തുടങ്ങുക.  "ജന്മി അയാളോട് പറഞ്ഞു . നല്ലവനായ ജന്മി അയാൾക്ക് കുറച്ച് രൂപ നൽകി അയാൾ ഒരു ചെറിയ മുറി വാടകയ്ക്കക്ക് എടുത്തു . പ്രതിമകൾ ഉണ്ടാക്കി വിൽക്കിന്ന കച്ചവടം തുടങ്ങി . ഭോലാറാമിന് പല തരത്തിലുള്ള പ്രതിമകൾ നിർമ്മിക്കാൻ അറിയാം . കൂടെ ദൈവങ്ങളുടെ ചിത്രങ്ങൾ വാങ്ങിക്കൊണ്ട് വന്നു ചില്ലിട്ട് വയ്ക്കിവാനും തുടങ്ങി. വലിയ വരുമാനം ഇല്ലെങ്കിലും തുച്ഛമായ വരുമാനംകൊണ്ട് അയാളും കുടുംബവും അല്ലലില്ലാതെ ജീവിച്ചു വന്നു.

നേരം സന്ധ്യയായി . സങ്കടപ്പെട്ടിരുന്ന ഭോലാറാം കട പൂട്ടി ഇറങ്ങുവാൻ നേരത്ത് ഒരു ബലൂൺ കച്ചവടക്കാരൻ അയാളുടെ മുന്നിലെത്തി.

" ഞാൻ വീട്ടിലേയ്ക്ക് പോകുന്ന പോകുന്ന വഴിയാണ് . എന്റെ കയ്യിൽ കുറച്ച് രൂപയുണ്ട് . ചേട്ടൻ

ഈ രൂപ വാങ്ങി സൂക്ഷിക്കണം . നേരം ഇരുട്ടിയതുകൊണ്ട് പോകുന്ന വഴിയിൽ കള്ളന്മാർ ഉണ്ടാകും . അതുകൊണ്ടാണ് . " ബലൂൺ കച്ചവടക്കാരൻ കൊടുത്ത രൂപയുടെ പൊതി ഭോലാറാം വാങ്ങി .

"ശരി ചേട്ടാ നാളെ വരാം."ബലൂൺ കച്ചവടക്കാരൻ സമ്മതിച്ചുകൊണ്ട് നടന്നുപോയി പിറ്റേ ദിവസം അയാൾ വന്നില്ല. അതിന്റെ  പിറ്റേ ദിവസവും അയാൾ വന്നില്ല. കച്ചവടം നടക്കാത്തതും രൂപ മടക്കി വാങ്ങാൻ ബലൂൺ കച്ചവടക്കാരൻ വരാത്തതും അയാലെ വല്ലാതെ അലട്ടി. മകളുടെ പിറന്നാളിന്റെ തലേന്ന് കയ്യിൽ രൂപയൊന്നുമില്ലാതെ ഭോലാറാം ഇരുന്നു കരഞ്ഞു . നാളെ മോൾക്ക് പിറന്നാളിന് എല്ലാം വാങ്ങിക്കൊടുക്കാമെന്ന് പറഞ്ഞതാണ് . ഒന്നും ഇല്ലാതെ നാളത്തെ ദിവസം ഓർക്കാൻ പോലും വയ്യ . അവൾ ഒരുപാട് നൊമ്പരപ്പെട്ടും . ഞാൻ എങ്ങനെ പിറന്നാൾ ആഘോഷിക്കും . ഭോലാറാം ദൈവത്തെ വിളിച്ച് പ്രാർത്ഥിക്കാൻ തുടങ്ങി. മോൾക്ക് എല്ലാം വാങ്ങി നല്കണം പിറന്നാൾ ഭംഗിയായി ആഘോഷിക്കണം . അവൾ സന്തോഷവതിയാവണം . ബലൂൺ കച്ചവടക്കാരൻ തന്ന രൂപമുഴുവൻ എടുത്ത് പുതിയ ഉടുപ്പുകളും കളിപ്പാട്ടങ്ങളും കേക്കും പലഹാരങ്ങളുമെല്ലാം വാങ്ങിപിറന്നാൾ ഭംഗിയായി

ആഘോഷിച്ചു. മകളുടെ സന്തോഷം കണ്ട് അയാൾ ആഹ്ലാദവാനായി .


ബലൂൺ കച്ചവടക്കാരൻ വന്നാൽ കാര്യങ്ങളെല്ലാം പറഞ്ഞ് രൂപ പെട്ടെന്ന് മടക്കി തരാം എന്ന് അപേക്ഷിച്ചുകൊണ്ട് അവധി ചോദിക്കാൻ അയാൾ തീരുമാനമെടുത്തു. അന്ന രാത്രി ഭോലാറാം കാര്യങ്ങളെല്ലാം ഭാര്യയോട് തുറന്ന് പറഞ്ഞു. അവൾക്ക് ഉള്ളിലൊരു ഭയവും പണം എടുത്തു എന്ന ചിന്തയും തോന്നി. "നീ വിഷമിക്കേണ്ട ്യാൾ വന്നാൽ നമ്മുക്ക് കാര്യങ്ങളെല്ലാം പറയാം . "ഭോലാറാം ഭാര്യയെ സമാധാനിപ്പിച്ചു. ഒരാഴ്ച കഴിഞ്ഞപ്പോൾ ക്രിസ്തുമസും അടുത്ത പള്ളിയിൽ പെരുന്നാളും വന്നു. ഭോലാറാമിന് നല്ല കച്ചവടം കിട്ടി . പ്രതിമകളും ഫോട്ടോകളും ൊത്തിരി വിറ്റഴിഞ്ഞു. ധാരാളം രൂപ കിട്ടി ."ബലൂൺ കച്ചവടക്കാരൻ എത്രയും പെട്ടെന്ന് വന്ന് പണം തിരികെ വാങ്ങിപ്പോകേണമെ "എന്ന പ്രാർത്ഥനയോടെ ഭോലാറാം ദിവസങ്ങളെണ്ണി കാത്തിരുന്നു.

ഇന്നുവരും നാളെ വരും എന്ന വിചാരവുമായി.....!

**-എയ്ഞ്ചൽ ആർ തോമസ്.**

(9A)

## മഹത് വചനങ്ങൾ



“വദ്ദ്യാഭ്യാസത്തിന്റെ വേരുകൾ കൈപ്പുള്ളവയാണ്.എന്നാൽ ഫലം നല്ല മധുരമേറിയതും” - അരിസ്റ്റോട്ടിൽ.

“മനുഷ്യൻ ജനിക്കുന്നത് സ്വാതന്ത്ര്യനായിട്ടാണ്.എന്നാൽ

ഇന്ന് അവൻ എല്ലായിടത്തും ചങ്ങലയിലാണ്."-റൂസ്സോ
“വിദ്യാഭ്യാസമെന്ന നാണയത്തിന്റെ ഒരു വശം
പ്രവൃത്തിയേയും മറുവശം ജ്ഞാനത്തേയും
കാത്തിരിക്കുന്നു"-രവിന്ദ്രനാഥ് ടാഗോർ.
“ഈ ലോകം ഒരു സ്റ്റേജും നാമെല്ലാം അതിൽ ആടുന്ന
വെറും കഥാപാത്രങ്ങളുമാണ്"-വില്യം ഷേക്സ്പിയർ
“അർദ്ധ രാത്രിയിൽ ലോകം ഉറങ്ങുമ്പോൾ ഇന്ത്യ
ജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേയ്ക്കും
പ്രവേശിക്കുന്നു."-ജവഹർലാൽ നെഹ്റു.
“മാനസിവും ശാരീരികവുമായ പൂർണതയും സൗന്ദര്യവും
നേടുന്ന് വിദ്യാഭ്യാസത്തിലൂടെയാണ്"-പ്ലേറ്റോ.

-അനുഷ കെ ടോമിച്ചൻ



# ജീവിതം കൂടുതൽ

## മനോഹരമാക്കാൻ 10 കാര്യങ്ങൾ

*ഞാനാണ് വലിയവൻ ഭാവം ഉപേക്ഷിക്കുക
*ആവശ്യമില്ലാത്ത ചെറിയ ചെറിയ കാര്യങ്ങൾ
വലുതാക്കാൻ ശ്രമിക്കരുത്

*കേൾകുന്ന എല്ലാ കാര്യങ്ങളും വിശ്വസിക്കരുത്

*സംസരിക്കമ്പോൾ നല്ല കാര്യങ്ങൾ മാത്രം

സംസാരിക്കുക

*നന്മയെ സ്നേഹിച്ച് വളരുക
*ചില സമയങ്ങളിൽ ദുഃഖകരമായ കാര്യങ്ങൾ
സഹിക്കുക
തന്നെ വേണമെന്ന് ഒർക്കുക
*മറ്റുള്ളവരോട് നല്ല അടുക്കം ചിട്ടയോടും കൂടെ
പേരുമാറാൻ പഠിക്കുക
*സ്നേഹം അതാണ് ജീവിത വിജയം.

-അനുഷ കെ ടോമിച്ചൻ

(9A)

# ഗുണപാഠകഥകൾ



## ഉറുമ്പും പുൽച്ചാടിയും

ഒരു വേനൽക്കൈക്കാലമായിരുന്നു പുൽച്ചാടി പാടത്ത് തുള്ളിക്കളിച്ച് പട്ടുപാടി മതിമറന്നാഹ്ലാദിക്കുകയായിരുന്നു.ഒരു ധാന്യമണി തന്റെ

കൂട്ടിലേക്ക് കഷ്ടപ്പെട്ട് വലിച്ചുകൊണ്ട്
പോകുകയായിരുന്ന ഉറുമ്പ് ആ വഴി വന്നു.പുൽച്ചാടി
ചോദിച്ചു."ഇങ്ങനെ കഷ്ടപ്പെടാതെ നിനക്കെന്താ
എന്നോടൊത്തു കളിച്ചാൽ?”
“ഞാൻ മഞ്ഞുകാലത്തേയ്ക്ക് ഭക്ഷണം
ശേഖരിക്കുകയാണ്.”
ഉറുമ്പ് പറഞ്ഞു "നീയും അങ്ങനെ ചെയ്താൽ
നന്നായിരിക്കും .”
മഞ്ഞുകാലത്തെക്കുറിച്ച് എന്തിന് പ്രയാസപ്പെടണം ?
നമ്മുക്ക്
ഇപ്പോൾ ധാരാളം ഭക്ഷണമുണ്ടല്ലോ?പുൽച്ചാടി ചോദിച്ചു
.പക്ഷെ ഉറുമ്പ് തന്റെ പ്രയത്നം തുടർന്നു . കാലങ്ങൾ
കടന്നുപോയി . മഞ്ഞുകാലം വന്നു പുൽച്ചാടി
പട്ടിണികിടന്ന ചാകാറായി. ഉറുമ്പുകൾ തങ്ങൾ
ശേഖരിച്ച ഭക്ഷണം എന്നും വിതരണം ചെയ്യുന്നത്
അവൻ കണ്ടു.അപ്പോളവൻ ചിന്തിച്ചു അന്ന് ആ ഉറുമ്പ്
പറഞ്ഞത്

ഗുണപാഠം :സമ്പതത്ത് കാലത്ത് തൈ
പത്തുവച്ചാൽ ആപത്ത് കാലത്ത് കാ പത്തു തിന്നാം.

-എമിൽഡ റെയ്സൺ



# നായയും എല്ലിൻ കഷ്ണവും


ഒരിടത്ത് പൂപ്പി എന്ന് പേരുള്ള ഒരു നായ ഉണ്ടായിരുന്നു. ഒരുദിവസം അവൻ ഭക്ഷണം അന്വേഷിച്ച് നടക്കാനിറങ്ങി. കുറെക്കഴിഞ്ഞപ്പോൾ അവന് ഒരെല്ലിൻ കഷ്ണം കിട്ടി. അവൻ ആ എല്ലിൻ കഷ്ണം കിട്ടിയതിന്റെ സന്തോഷത്തിൽ തുള്ളിച്ചാടി . അതും കടിച്ചുപിടിച്ച്കൊണ്ട് അവൻ വീട്ടിലേയ്ക്ക് നടന്നു . വീട്ടിലേയ്ക്ക് മടങ്ങുമ്പോൾ ഒരു പാലം കടക്കേണ്ടിവന്നു. പാലത്തിലൂടെ നടക്കവേ തന്റെ പ്രതിബിംബം വെള്ളത്തിൽ കണ്ട നായ അത് എല്ലിൻ കഷ്ണവുമായി നിൽക്കുന്ന മറ്റൊരു നായയാണ് എന്ന് തെറ്റിദ്ധരിച്ചു. ആ എല്ലും കൂടി കൈവശമാക്കാനായി അവൻ വെള്ളത്തിലേയ്ക്ക് ചാടി. കുറച്ചപ്പോൾ അവന്റെ വായിലിരുന്ന എല്ലിൻ കഷ്ണം വെള്ളത്തിൽ പോയി . അവൻ വെള്ളം കുടിച്ച് ചത്തു.

ഗുണപാഠം :അത്യാഗ്രഹം ആപത്ത് വരുത്തും.

-എമിൽഡ റെയ്സൺ
(9A)

# വരകളും വർണ്ണങ്ങളും





-ബിബിൻ പ്രകാശ്

(9A)






-ചൈതന്യ നായർ

(9A)





-നിജോമോൻ തമ്പി

(9A)





-ഷൈജു കുഞ്ഞുമോൻ

(9A)

## നന്ദി

*കുട്ടികളുടെ രചനാവൈഭവത്തിൽനിന്നും ഉയിർകൊണ്ട സാഹിത്യസൃഷ്ടികൾ വായിച്ച് ആസ്വദിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.*

*ഈ മാഗസിൻ തയാറാക്കാൻ അവസരവും മറ്റെല്ലാ സഹായസഹകരണങ്ങളും ഒരുക്കിതന്ന് ഞങ്ങളെ പ്രചോദിപ്പിച്ച ഹെഡ് മിസ്ട്രസ് രാജി ടീച്ചറിനും മലയാള വിഭാഗം അദ്ധ്യപിക ഗീത ടീച്ചറിനും മറ്റ് അദധ്യപകർക്കും രചനകൾ തന്ന് ഈ മാഗസിൻ പ്രകാശനത്തെ സമ്പൂർണമാക്കിതീർത് എല്ലാ കൂട്ടുകാർക്കും നന്ദി രേഖപ്പെടുത്തുന്നു.*

*എന്ന്,*

*മാഗസിൻബോർഡ്*